


# മനുഷ്യൻ: ദൈവകരങ്ങളിലെ ഉപകരണം

യോഹ. 21: 15 – 19; പുറ. 3: 1 – 12; എസെ. 34: 20 – 26; എഫേ. 4: 7 – 16

ബ്ര. സെബാസ്റ്റ്യൻ പറമ്പുംമുറി

Vol. 12, Issue: 51

**ദി**വ്യകാരുണ്യ ഈശോയാൽ ഒത്തിരിയേറെ സ്നേഹിക്കപ്പെടുന്ന പ്രിയ മാതാപിതാക്കളേ, സഹോദരങ്ങളേ, കുഞ്ഞുമക്കളേ,

നമ്മളെല്ലാം ദൈവമക്കളാണ് എന്നും അവിടുന്ന് നമ്മെ ഓരോരുത്തരെയും വളരെയേറെ സ്നേഹിക്കുന്നെന്നും അവിടുത്തെ അറിയാനും സ്നേഹിക്കാനും തന്റെ ഹിതം ഭൂമിയിൽ നിറവേറ്റാനുമായി അവിടുന്ന് തിരഞ്ഞെടുത്തിരിക്കുന്ന പ്രേഷിതരാണ് നാമോരോരുത്തരും എന്ന സത്യമാണ് ഉയിർപ്പുകാലത്തിലെ ഈ ഞായറാഴ്ച വിചിന്തനത്തിനായി സഭ നമ്മോട് ആവശ്യപ്പെടുന്നത്.

നമ്മളൊക്കെ കുടുംബങ്ങളിൽ ജീവിക്കുന്നവരാണ്. കളിച്ചും ചിരിച്ചും പ്രാർത്ഥിച്ചുമൊക്കെ കഴിയുന്ന നമ്മുടെയൊക്കെ കുടുംബങ്ങളിൽ ചിലപ്പോഴൊക്കെ മാതാപിതാക്കൾ മക്കളെ ചെറുതും വലുതുമായ ചില ഉത്തരവാദിത്വങ്ങൾ ഏൽപിക്കുന്നത് കാണാൻ സാധിക്കും. ഇവിടെ നാം മനസിലാക്കേണ്ട ഒരു കാര്യമുണ്ട്. മക്കൾ തങ്ങളുടെ സ്വന്തമായതുകൊണ്ടാണ് മാതാപിതാക്കൾ മക്കൾക്ക് ചില ഉത്തരവാദിത്വങ്ങൾ നൽകുന്നത്. അല്ലാതെ മറ്റുള്ളവരുടെ മക്കളോട് ഓരോരോ കാര്യങ്ങൾ പറഞ്ഞ് അവരെക്കൊണ്ട് അനുസരിപ്പിക്കാൻ നമുക്ക് സാധിക്കുമോ? ഇല്ല. അതുപോലെ മാതാപിതാക്കൾ തങ്ങളുടെ സ്വന്തമായതുകൊണ്ടും അവർ തങ്ങളെ സ്നേഹിക്കുന്നതുകൊണ്ടുമാണ് മക്കൾ അവരുടെ കടമകൾ മനസിലാക്കി ഉത്തരവാദിത്വത്തോ ടെ അനുസരിക്കാൻ തയ്യാറാകുന്നതും.

ഇതുപോലെയുള്ള ഒരു ബന്ധമാണ് ഇന്നത്തെ വായനകളിൽ നാം കാണുന്നത്. സ്നേഹസമ്പന്നനായ ദൈവവും ദൈവത്തിന്റെ ജനവും. തന്റെ ഉത്ഥാനത്തിനു ശേഷം ഈശോ ശിഷ്യരിൽ പ്രധാനിയായ പത്രോസിനു പ്രത്യക്ഷപ്പെട്ട് തിരുസഭയുടെ മുഴുവൻ ദൗത്യവും ഏൽപിച്ചുകൊണ്ട് പറയുകയാണ് 'എന്റെ ആടുകളെ മേയ്ക്കുക' എന്ന്. പുറപ്പാടിന്റെ പുസ്തകത്തിൽ നിന്നും നാം വായിച്ചു, വെറും ഇടയനായി ഈശോയുടെ ആടുകളെയും മേയ്ച്ച് മിദിയാനിൽ ഒളിച്ചുജീവിക്കുകയായിരുന്ന മോശയെ വിളിച്ച്, ദൈവം പത്രോസിനെ ഏൽപിച്ചതുപോലെയൊരു ദൗത്യം ഏൽപിക്കുകയാണ് ഇസ്രായേൽ ജനത്തെ ഈജിപ്തിൽ നിന്നും പുറത്തു കൊണ്ടുവരാൻ. പിന്നീട് മരണം വരെ മോശ ദൈവത്തിനും ഇസ്രായേൽ ജനത്തിനുമായി ജീവിച്ചു. അതിനുശേഷം പിന്നീടു വന്ന ജോഷ്വായും ന്യായാധിപന്മാരും പ്രവാചകരുമെല്ലാം

ദൈവത്തിന്റെ കൈയ്യിലെ ഉപകരണങ്ങളായിരുന്നു. അവരെല്ലാം ദൈവസ്വരം ശ്രവിച്ച് മരണം വരെ ദൈവജനത്തിന് ശുശ്രൂഷ ചെയ്തു. എന്നിരുന്നാലും പറുദീസായുടെ യഥാർത്ഥ ചൈതന്യത്തിലേക്ക് മനുഷ്യരെ വീണ്ടെടുക്കുന്ന സമ്പൂർണ്ണ രക്ഷ കൈവരുന്നത് നമ്മുടെ കർത്താവായ യേശുക്രിസ്തുവിലൂടെയായിരുന്നു. ദേശത്ത് ശാന്തിയും സമാധാനവും സ്ഥാപിക്കുന്ന ഒരു നല്ല ഇടയൻ ഉദയം ചെയ്യുമെന്ന പ്രത്യാശയുടെ വചനങ്ങളാണ് എസക്കിയേൽ പ്രവാചകന്റെ പുസ്തകത്തിൽ നിന്നും നാം വായിച്ചത്. സമൂഹത്തിൽ ഞെരുക്കപ്പെട്ട ദരിദ്രരും നിരാശരുമായ ഒരു ജനത്തോട് പ്രവാചകൻ പറയുകയാണ്, ''ഞാൻ എന്റെ ഇടയനെ, എന്റെ ദാസനായ ദാവീദിനെ നിയമിക്കും'' എന്ന്. എന്നാൽ ഇന്ന് നമുക്കറിയാം, ഈ പ്രവചനം പൂർത്തിയായത് ദാവീദിന്റെ പുത്രനും നമ്മുടെ കർത്താവും ദൈവവുമായ ഈശോമിശിഹായിലൂടെയാണ്. അങ്ങനെ പിതാവായ ദൈവം തന്റെ പുത്രനിലൂടെ ലോകത്തെ വീണ്ടെടുത്തു.

നമ്മുടെ കർത്താവീശോമിശിഹായുടെ രക്ഷാകരദൗത്യം ഇന്ന് തുടർന്നുപോരുന്നത് അവിടുന്ന് സ്ഥാപിച്ച പരിശുദ്ധ കത്തോലിക്കാ സഭയിലൂടെയാണ്. തന്റെ അജഗണമായ തിരുസഭയുടെ മുഴുവൻ ഉത്തരവാദിത്വവും ഈശോ പത്രോസിനെ ഏൽപിക്കുന്ന രംഗമാണ് ഇന്നത്തെ സുവിശേഷത്തിൽ നാം കണ്ടത്. വാസ്തവത്തിൽ, പത്രോസും മറ്റു ശിഷ്യന്മാരും ഈശോയിൽ നിന്നും പ്രതീക്ഷിച്ചത് കിരീടവും ചെങ്കോലുമുള്ള ഒരു രാജാവിനെയായിരുന്നു. അതിനാൽ തന്നെ ഈശോയുടെ പീഡാനുഭവവും അതിദാരുണമായ കുരിശുമരണവുമൊക്കെ കണ്ട് നിരാശരായ ശിഷ്യന്മാർ എല്ലാം മതിയാക്കി തങ്ങളുടെ പഴയ ജീവിതാവസ്ഥകളിലേക്ക് തിരിച്ചുപോകാൻ തുടങ്ങുമ്പോഴാണ് ഉത്ഥിതനായ ഈശോയുടെ ഈ ഇടപെടൽ. ഈശോ പത്രോസിനോട് ചോദിക്കുകയാണ്: ''നീ എന്നെ സ്നേഹിക്കുന്നുവോ'' എന്ന്. തന്റെ ഗുരുവാണ് മുമ്പിൽ നിൽക്കുന്നത് എന്നു മനസിലാക്കുന്ന പത്രോസ് ഉടനടി ഏറ്റുപറയുകയാണ്: ''ഉവ്വ് കർത്താവേ, ഞാൻ നിന്നെ സ്നേഹിക്കുന്നു.'' എന്നാൽ പത്രോസിനെ അസ്വസ്ഥമാക്കുംവിധം ഈശോ രണ്ടാമതും മൂന്നാമതും അതേ ചോദ്യം ആവർത്തിക്കുകയാണ് ചെയ്തത്. വാസ്തവത്തിൽ ഈശോ പത്രോസിനെ വലിയൊരു ഉത്തരവാദിത്വം ഏറ്റെടുക്കാനായി ഒരുക്കുകയായിരുന്നു. പത്രോസ് മൂന്നു തവണ തന്നെ നിഷേധിച്ചു പറഞ്ഞതിനാലാണ് ഈശോ പത്രോസിനോട് ഇങ്ങനെ ഒരേ ചോദ്യം മൂന്നു തവണ ആവർത്തിച്ചത് എന്ന് സഭാപിതാക്കന്മാരായ വി. അഗസ്റ്റിനും സിപ്രിയാനും തെർതുല്യനുമൊക്കെ പരാമർശിച്ചിട്ടുണ്ട്. എന്നാൽ മൂന്ന് അവസരങ്ങളിലും ഈശോ പത്രോസിന് മറുപടിയായി നൽകുന്നത് ഒരൊറ്റ കൽപന മാത്രമാണ്. ''എന്റെ ആടുകളെ മേയ്ക്കുക.'' പത്രോസ് ഇനിയൊരിക്കലും തന്റെ ലക്ഷ്യത്തിൽ നിന്നും മാറാതിരിക്കാനാണ് ഈശോ പത്രോസിന്റെ ഹൃദയത്തിൽ തട്ടുംവിധം ഇങ്ങനെ ആവർത്തിച്ചു ചോദിച്ചത്.

തുടർന്നുള്ള വചനങ്ങളിൽ പത്രോസ് എങ്ങനെ തന്റെ ഗുരുവിനെ സ്നേഹിക്കുമെന്ന് ഈശോ വ്യക്തമാക്കുന്നു. രക്തസാക്ഷിത്വത്തിലൂടെ പത്രോസ് ദൈവത്തെ മഹത്വപ്പെടുത്തുമെന്ന് ഈശോ പ്രവചിക്കുകയായിരുന്നു. സഭാപിതാവായ തെർതുല്യൻ പത്രോസിന്റെ രക്തസാക്ഷിത്വത്തെ കർത്താവിന്റെ പ്രവചനത്തിന്റെ പൂർത്തീകരണമായിട്ടാണ് പരാമർശിച്ചത്.

മോശയെയും പ്രവാചകന്മാരെയും പത്രോസിനെയും എല്ലാം വിളിച്ച അതേ ദൈവം തന്നെ നമ്മെ ഓരോരുത്തരെയും വിളിക്കുന്നു എന്ന സന്ദേശമാണ് ഇന്നത്തെ വായനകളിൽ നിന്നും നാം സ്വാംശീകരിച്ചെടുക്കേണ്ടത്. ''അവൻ ചിലർക്ക് അപ്പസ്തോലന്മാരും പ്രവാചകന്മാരും സുവിശേഷപ്രസംഗകരും ഇടയന്മാരും പ്രബോധകരുമാകാനുള്ള വരം നൽകി'' എന്നാണ് പൗലോസ് ശ്ലീഹായുടെ ലേഖനത്തിൽ നിന്നും നാം ശ്രവിച്ചത്. ദൈവത്തിന്റെ പദ്ധതികളുടെ പൂർത്തീകരണത്തിനായി അവിടുത്തെ കരങ്ങളിലെ ഉപകരണങ്ങളാകാൻ വിളിക്കപ്പെടുന്നവരാണ് നാമോരോരുത്തരും. ദൈവം തന്റെ സ്വന്തമായ നമ്മോട് എന്ത് ആവശ്യപ്പെട്ടാലും അതിനായി പൂർണ്ണമനസ്സോടെ പ്രവർത്തിക്കാനുള്ള കൃപ നാം സ്വായത്തമാക്കേണ്ടിയിരിക്കുന്നു.

ഇപ്പോൾ വിശുദ്ധ കുർബാനയർപ്പണത്തിനായി നാം ഒരുങ്ങുമ്പോൾ നമ്മൾ അവിടുത്തെ സ്വന്തമാണ് എന്ന ബോധ്യത്തോടെ, വിധേയത്വത്തോടെ നമ്മെത്തന്നെ അവിടുത്തെ തിരുമുമ്പിൽ സമർപ്പിക്കാൻ നമുക്ക് സാധിക്കണം. ദൈവം നമ്മിലൂടെ എന്തെല്ലാം ചെയ്യാൻ ആഗ്രഹിക്കുന്നുവോ അതെല്ലാം പൂർണ്ണമനസ്സോടെ ചെയ്തുതീർക്കാനുള്ള കൃപ നൽകണമേയെന്ന് യാചിച്ചുകൊണ്ട് പ്രാർത്ഥനാപൂർവ്വം ആത്മാർത്ഥതയോടെ നമുക്ക് ദിവ്യബലി തുടരാം.